# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2941 20.12.2012 –ലെ മറുപടിക്ക്.**

## ഹയർസെക്കന്ററി സ്ക്കൂൾ ടീച്ചർ (കൊമേഴ്സ്) സീനിയർ & ജൂനിയർ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി ടീച്ചർ (കൊമേഴ്സ്), സീനിയർ& ജൂനിയർ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് എത്ര ഒഴിവുകൾ ഉണ്ടെന്നാണ് ബന്ധപ്പെട്ട വകുപ്പ് പി . എസ്. സിക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളത് ; | (എ) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കൊമേഴ്സ്) സീനിയർ തസ്തികയിൽ 24.10.2011 ൽ 13 എൻ.ജെ.ഡി ഒഴിവുകൾ ,20/09/2012 ൽ 4, 2.11.2012 ൽ 23 എന്നിങ്ങനെ ഒഴിവുകളും എച്ച്.എസ്.എസ്.ടി (കൊമേഴ്സ്) ജൂനിയറിന്റെ 131 ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നതിനായി നോൺ വൊക്കേഷണൽ ടീച്ചർ (കൊമേഴ്സ്) ഉൾപ്പെടെ 110 ഉം നോൺ വൊക്കേഷണൽ ജൂനിയർ വിഭാഗത്തിൽ 192-മായി ആകെ 302 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് പി. എസ്. സിയെ അറിയിച്ചതിനേക്കാൾ കൂടുതൽ ഒഴിവുകൾനിലവിലുണ്ടെന്നുള്ളത് ശ്രദ്ധിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. |

# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2908** **20/12/2012 ൽ മറുപടിക്ക്**

## എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സാജു പോൾ: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | എ) ഉണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം. |
| ബി) പ്രസ്തുത കെട്ടിടത്തിനായി ഇതിനകം എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ; | ബി) എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിനായി ഇതിനകം 67.45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) നിർമ്മാണം പൂർത്തിയാകാൻ ഇനി എത്ര രൂപയാണ് വേണ്ടത്; | സി) പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സബ് ഡിവിഷൻ പെരുമ്പാവൂരിലെ അസിസ്റ്റന്റ് എൻജിനീയർ പ്രസ്തുത പണിക്ക് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 1 കോടി 50 ലക്ഷം രൂപ നിർമ്മാണം പൂർത്തിയാക്കാൻ ഇനി വേണം എന്നറിയിച്ചിട്ടുണ്ട്. |
| ഡി) ബാക്കി ഫണ്ട് അനുവദിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | ഡി) പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റിന്റെ പഴയ നിരക്ക് പ്രകാരം (Revised S.O.R 2010) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ 125 ലക്ഷം രൂപയ്ക്കുള്ള ബാലൻസ് എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്ന കാര്യം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ